**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1399** **30-01-2018 ൽ മറുപടിക്ക്**

## പാറശ്ശാല മണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക് ഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ. ഹരീന്ദ്രൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

(എ) പാറശ്ശാല മണ്ഡലത്തിൽ ഒൻപത് ഗ്രാമപഞ്ചായത്തുകളിലായുള്ള പട്ടയരഹിതരുടെ കണക്ക് ലഭ്യമായിട്ടുണ്ടോ; ഇത് സംബന്ധിച്ച സ്ഥിതി വിവര കണക്കുകൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(എ) പാറശ്ശാല മണ്ഡലത്തിൽ 9 ഗ്രാമപഞ്ചായത്തുകളിലായുള്ള പട്ടയരഹിതരുടെ കണക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കള്ളിക്കാട് ഗ്രാമപഞ്ചായത്ത് | - 213 |
| ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് | - 92 |
| അമ്പൂരി ഗ്രാമപഞ്ചായത്ത് | - 165 |
| വാഴിച്ചൽ ഗ്രാമപഞ്ചായത്ത് | - 298 |
| ആര്യങ്കോട് ഗ്രാമപഞ്ചായത്ത് | - 60 |
| വെള്ളറട ഗ്രാമപഞ്ചായത്ത് | -159 |
| ആനാവൂർ ഗ്രാമപഞ്ചായത്ത് | - 7 |
| പെരുങ്കടവിള ഗ്രാമപഞ്ചായത്ത് | - 5 |
| കൊല്ലയിൽ ഗ്രാമപഞ്ചായത്ത് | - 66 |
| പാറശ്ശാല ഗ്രാമപഞ്ചായത്ത് | - 12 |
| കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത് | - 29 |
| **ആകെ** | **- 1106** |

ഈ കേസുകളിൽ TLAC കൂടിയിട്ടുള്ളതിൽ പട്ടയം അനുവദിയ്ക്കാവുന്ന കേസുകളുടെ എണ്ണം.

| | |
|---|---|
| ആനാവൂർ | - 7 |
| പാറശ്ശാല | - 6 |
| വെള്ളറട | - 72 |
| കൊല്ലയിൽ | - 50 |
| **ആകെ** | **- 135** |

(ബി) പ്രസ്തുത മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലുള്ള റവന്യൂ പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത മണ്ഡലങ്ങളിലെ അമ്പൂരി, വാഴിച്ചൽ, കള്ളിക്കാട് ഉൾപ്പെട്ടുവരുന്ന അഞ്ചുചങ്ങല പ്രദേശം അളന്നു തിട്ടപ്പെടുത്തിയിട്ടുണ്ട്. ബാക്കി ഗ്രാമ പഞ്ചായത്തുകളിൽ റവന്യൂ പുറമ്പോക്കുകൾ അളന്നു തിട്ടപ്പെടുത്തിയിട്ടില്ല. കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 213 കേസുകളിൽ 136 കേസുകൾക്ക് പുറമ്പോക്ക് ഭൂമി അളന്നു തിട്ടപ്പെടുത്തുന്നതിനു നടപടികൾ സ്വീകരിച്ചുവരുന്നു. അഞ്ചുചങ്ങല പ്രദേശം ഉൾപ്പെട്ടു വരുന്ന അമ്പൂരി, കള്ളിക്കാട്, വാഴിച്ചൽ എന്നീ വില്ലേജുകളിലെ 476 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് തീരുമാനമായിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | വില്ലേജ് ആഫീസുകളിലെ റീസർവ്വേ സംബന്ധിച്ച രേഖകളിലെ തെറ്റുകൾ പലപ്പോഴും റവന്യൂ പുറമ്പോക്ക് കണ്ടെത്തുന്നതിന് തടസ്സമായിട്ടുള്ളതിനാൽ ഇത് പരിഹരിച്ച് കൃത്യമായ വിവരങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (സി) | നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**